"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കൃഷി വകുപ്പ്- കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ- 2025-26 സാമ്പത്തിക വർഷത്തിൽ ശമ്പളേതര ശീർഷകത്തിൽ അനുവദിച്ച തുക വിതരണം ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (കൃഷി) വകുപ്പ്**

സ.ഉ.(സാധാ) നം.618/2025/AGRI തീയതി,തിരുവനന്തപുരം, 20-06-2025

---

പരാമർശം:- 1. സ.ഉ (സാധാ) നം. 400/2025/ കൃഷി തീയതി 25.04.2025

2. കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ, സെക്രട്ടറിയുടെ 16.05.2025 തീയതിയിലെ എ-2360/2024/KSFDRC നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷന് 2025- 26 സാമ്പത്തിക വർഷത്തിൽ 240-00-104-86-(01)-31 [NP(V)] ശീർഷകത്തിൽ ശമ്പളയിനത്തിൽ 131.87 ലക്ഷം രൂപയും 2401-00-104-86-(01)-36 [NP(V)] ശീർഷകത്തിൽ ശമ്പളേതരയിനത്തിൽ 53.81 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. പരാമർശം 1ലെ സർക്കാർ ഉത്തരവ് പ്രകാരം ശമ്പള ഇനത്തിൽ 25 ലക്ഷം രൂപയും ശമ്പളേതര ഇനത്തിൽ 10 ലക്ഷം രൂപയും വിതരണം ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഇപ്രകാരം ശമ്പളേതരയിനത്തിൽ ലഭിച്ച 10 ലക്ഷം രൂപ പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ടെന്നും, ശമ്പളയിനത്തിൽ ലഭിച്ച 25 ലക്ഷം രൂപയിൽ 9,29,710/- രൂപ ചെലവഴിച്ചിട്ടുണ്ടെന്നും, ബാക്കി 15,70,290/- രൂപ കമ്മീഷന്റെ തിരുവനന്തപുരം ജില്ല ട്രഷറിയിലെ STSB Account-ൽ ലഭ്യമാണെന്നും കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ സെക്രട്ടറി പരാമർശം 2ലെ കത്ത് പ്രകാരം അറിയിച്ചിരുന്നു.

2. കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷന് 2025-26 സാമ്പത്തിക വർഷത്തിൽ 2401-00-104-86-(01)-31 [NP(V)] ശീർഷകത്തിൽ ശമ്പളയിനത്തിൽ 06/25 മുതൽ 08/25 വരെയുള്ള ശമ്പളേതര ചെലവുകൾക്കായി 40,24,000/- രൂപയും 2401-00-104-86-(01)-36 [NP(V)] ശീർഷകത്തിൽ 05/25 മുതൽ 07/25 വരേയുള്ള ശമ്പളേതര ചെലവുകൾക്കായി 27,54,500/- രൂപയും അനുവദിക്കണമെന്നും, കൂടാതെ പ്രസ്തുത തുക കമ്മീഷന്റെ

തിരുവനന്തപുരം ജില്ലാ ട്രഷറിയിലുള്ള STSB Account no. 701011400000151 ലേയ്ക്ക് മാറ്റി നൽകുന്നതിനുള്ള അനുമതിയും നൽകണമെന്നും കടാശ്വാസ കമ്മീഷൻ സെക്രട്ടറി പരാമർശം 2 പ്രകാരം സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

3. സർക്കാർ മേൽ വിഷയം പരിശോധിച്ചു. കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷന് ശമ്പളേതര ചെലവുകൾക്കായി 2401-00-104-86-01-36-NV ശീർഷകത്തിൽ 9,19,000/- രൂപ ( ഒൻപത് ലക്ഷത്തി പത്തൊൻപതിനായിരം രൂപ മാത്രം) വിതരണം ചെയ്യുന്നതിനുംപ്രസ്തുത തുക കമ്മീഷന്റെ തിരുവനന്തപുരം ജില്ലാ ട്രഷറിയിലുള്ള STSB Account no. 701011400000151 ലേയ്ക്ക് മാറ്റി നൽകുന്നതിനും കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
K SURESHKUMAR
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി, കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ഓഡിറ്റ്) കേരള, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (19.06.2025 തീയതിയിലെ E:3122769/Agri-C1/78/2025-FIN പ്രകാരം)
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Vineesh Kumar G
Date: 20-06-2025 12:49:29
സെക്ഷൻ ഓഫീസർ